**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 13** **23-08-2022 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സജി ചെറിയാൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാർവത്രികമായി ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതിയായ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് സാർവത്രികമായി ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതിയായ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി അതിവേഗ ഇന്റർനെറ്റ് സൗകര്യത്തിനായി ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ 83 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.<br><br>ഇതിനോടകം സംസ്ഥാനത്തൊട്ടാകെ, 24,357 സ്ഥാപനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, കെ-ഫോൺ പദ്ധതിയുടെ ധനസമ്പാദനം സംബന്ധിച്ചും, വിവിധ ഉപഭോക്താക്കൾക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുമായി സെക്രട്ടറിതല സമിതി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കോർപ്പറേറ്റ് താല്പര്യ സംരക്ഷകരുടെ എതിർപ്പിനെ മറികടന്ന് രാജ്യത്ത് ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ ലൈസൻസ് നേടിയെടുത്ത ഏക സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഉണ്ട്. കെ-ഫോൺ സേവനം സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി രൂപീകരിച്ച 'കെ-ഫോൺ ലിമിറ്റഡ്' എന്ന കമ്പനിയ്ക്ക് കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിൽ നിന്നും 07.07.2022ന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി) ലൈസൻസും 14.07.2022 ന് ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി) ലൈസൻസും ലഭ്യമായിട്ടുണ്ട്. |
| (സി) | ഇരുപത് ലക്ഷത്തോളം ബി.പി.എൽ. കുടുംബങ്ങൾക്കും സംസ്ഥാനത്തെ മുഴുവൻ സർക്കാർ സ്ഥാപനങ്ങൾക്കും സൗജന്യമായും മറ്റുള്ളവർക്ക് | (സി) | കെ-ഫോൺ പദ്ധതിയ്ക്കായി വിവിധ ഇനങ്ങളിൽ 'കെ-ഫോൺ ലിമിറ്റഡ്' നാളിതുവരെ 476.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | മിതമായ നിരക്കിലും ഇന്റർനെറ്റ് സേവനം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസ്തുത പദ്ധതിക്ക് മുടക്കിയ തുകയെത്രയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ